DESPATCHED
On...05/03/2020
14/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 3010(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 18645/എസ്.ഐ.സി-ജി 6/14
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ടി.എ.നാരായണൻ<br>തെക്കെ ആക്കമണ്ണിൽ വീട്<br>വാകയാട് പി.ഒ<br>നടുവണ്ണൂർ<br>673 614** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&<br>ഓഫീസ് ഓഫ് ദി എക്സിക്യൂട്ടീവ്<br>റോഡ്സ് ഡിവിഷൻ, കോഴിക്കോട്<br>പിൻ–673520**<br><br>2. **അപ്പീൽ അധികാരി ആന്റ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഓഫീസ് ഓഫ് ദി എക്സിക്യൂട്ടീവ്<br>റോഡ്സ് ഡിവിഷൻ, കോഴിക്കോട്<br>പിൻ–673520** | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരായ എസ്.പി.ഐ.ഒ നൽകിയ മൊഴിയിൽ ഹർജിക്കാരൻ കോവിലകം താഴെപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടി ഓഫീസിൽ നൽകിയിട്ടുള്ള അപേക്ഷകൾക്കെല്ലാം സമയബന്ധിതമായി വ്യക്തമായ മറുപടിയാണ് നൽകിയെന്നാണ് ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ ലഭ്യമായവ എല്ലാം തന്നെ സമയബന്ധിതമായി നൽകിയതായി ബോധ്യപ്പെട്ടതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION



res